(സി) ഭരണപരിഷ്കാര കമ്മറ്റിയുടെ ഒന്നാമത് റിപ്പോർട്ടിൽ പൊതു നിർദ്ദേശങ്ങളാണ് അടങ്ങിയിട്ടുള്ളത്. അതിൽ പൗരാവകാശപത്രിക, സുതാര്യതയും അറിയുവാനുള്ള സംവിധാനവും, പൊതുജനങ്ങളുടെ പരാതിപരിഹാരം, വികേന്ദ്രീകരണവും ഭരണപരിഷ്കാരങ്ങളും, മോണിറ്ററിംഗ് എന്നീ വിഷയങ്ങൾ ഉൾപ്പെടുത്തിയിരിക്കുന്നു. രണ്ടാമത് റിപ്പോർട്ട് ഹാജർ. ഫയൽ എന്നിവയുടെ നിരീക്ഷണനിയന്ത്രണ സംവിധാനത്തെ കുറിച്ചുള്ളതാണ്. മൂന്നാമത് റിപ്പോർട്ടിൽ ധനപരമായ പരിഷ്കാരങ്ങളും നാലാമത് റിപ്പോർട്ടിൽ ഗവൺമെന്റ് ജീവനക്കാരെ തെരഞ്ഞെടുക്കൽ, റിക്രൂട്ട്മെന്റ്, കഴിവ് മെച്ചപ്പെടുത്തൽ, നിയമന സ്ഥാനനിർണ്ണയം, അച്ചടക്കം മുതലായവയെ സംബന്ധിച്ച് ശുപാർശകളാണ്. അഞ്ചാമത് റിപ്പോർട്ടിൽ വകുപ്പ് തലത്തിലുള്ള ഭരണ പരിഷ്കാരങ്ങളെ സംബന്ധിച്ചും ആറാമത് റിപ്പോർട്ടിൽ ഗസറ്റഡ് ഓഫീസർമാരുടെ വേതനവിതരണം പരിഷ്കരിക്കുന്നതിനെ സംബന്ധിച്ചുമുള്ള ശുപാർശകളാണ്.

(ഡി) ഭരണപരിഷ്കാര കമ്മറ്റിയുടെ 1 മുതൽ 4 വരെയുള്ള റിപ്പോർട്ടുകളിലെ ശുപാർശകളിൽ മിക്കവയും ഗവൺമെന്റ് അംഗീകരിച്ച് ഉത്തരവായിട്ടുണ്ട്.

(ഇ) ഓഫീസുകളുടെ പ്രവർത്തനം മെച്ചപ്പെടുത്താൻ പഞ്ചിംഗ്സിസ്റ്റം ഉൾപ്പെടെ ഭരണപരിഷ്കാര കമ്മറ്റിയുടെ 1, 11, റിപ്പോർട്ടുകളിൽ സമർപ്പിച്ചിട്ടുള്ള വിഷയങ്ങളെ സംബന്ധിച്ച് ശുപാർശകളും, ധനകാര്യവകുപ്പിന്റെ നടപടി ക്രമങ്ങൾ ലഘൂകരിക്കുന്നതിനായി ഭരണ പരിഷ്കാര കമ്മറ്റിയുടെ 111-ാം റിപ്പോർട്ടിലെ ശുപാർശകളും അംഗീകരിച്ചു നടപ്പിലാക്കാൻ നടപടികൾ സ്വീകരിച്ചു വരുന്നു.

(എഫ്&ജി) പഞ്ചിംഗ് സമ്പ്രദായം സംസ്ഥാനത്ത് ഘട്ടംഘട്ടമായി നടപ്പിലാക്കും. ഒന്നാംഘട്ടത്തിൽ സെക്രട്ടേറിയേറ്റ് അനക്സ്., ഡി.പി.ഐ., ഡി.എച്ച്.എസ് എന്നീ ഓഫീസുകളിലും, തൃശ്ശൂർ, കണ്ണൂർ, കൊല്ലം എന്നീ സിവിൽ സ്റ്റേഷനുകളിലും തിരുവനന്തപുരം കളക്ട്രേറ്റിലും ഏർപ്പെടുത്തുന്നു. രണ്ടാം ഘട്ടത്തിൽ പഞ്ചിംഗ് സമ്പ്രദായം സെക്രട്ടറിയേറ്റിലെ മറ്റു കെട്ടിടങ്ങളിലും വകുപ്പുതലവൻമാരുടെ ഓഫീസുകളിലും പൊതുജനസമ്പർക്കം കൂടുതലായുള്ള മറ്റ് ജില്ലാതല ഓഫീസുകളിലുമാണ് നടപ്പിലാക്കുന്നത്.

**ജില്ലാപഞ്ചായത്തുകൾക്ക് കൈമാറിയിട്ടുള്ള ആശുപത്രികളുടെ പ്രവർത്തനം**

17(*15) ശ്രീ. എം. നാരായണൻ (കുഴൽമന്ദം) :
ശ്രീ. പി. രാഘവൻ :
ശ്രീ. സി. പി. ബാലൻ വൈദ്യർ :
ശ്രീ. സി. കെ. രാജേന്ദ്രൻ :
ശ്രീ. കെ. പി. സതീശ് ചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

LIBRARY ARCHIVES Kerala Legislative Assembly

(എ) സംസ്ഥാനത്തെ അലോപ്പതി, ആയുർവേദം, ഹോമിയോ വകുപ്പുകളുടെ നിയന്ത്രണത്തിലുള്ള ആശുപത്രികൾ ബന്ധപ്പെട്ട ജില്ലാ പഞ്ചായത്തുകൾക്ക് കൈമാറുന്ന പദ്ധതി ഇപ്പോൾ ഏത് ഘട്ടത്തിലെന്ന് വെളിപ്പെടുത്തുമോ ;

(ബി) കഴിഞ്ഞ രണ്ടു വർഷത്തിനകം ഏതെങ്കിലും ആശുപത്രികൾ പഞ്ചായത്തുകൾക്ക് കൈമാറിയിട്ടുണ്ടോ ;

(സി) ജില്ലാപഞ്ചായത്തുകൾക്ക് കൈമാറിയിട്ടുള്ള ആശുപത്രികളുടെ പ്രവർത്തനം വിലയിരുത്തിയിട്ടുണ്ടോ ;

(ഡി) എങ്കിൽ ഇവയുടെ പ്രവർത്തനത്തിൽ എന്തെങ്കിലും മാറ്റം അനിവാര്യമെന്നു കരുതുന്നുണ്ടോ ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ ;

(ഇ) തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് കൈമാറ്റം ചെയ്യപ്പെടുന്ന ആശുപത്രികളിലെ ജീവനക്കാർ ഏതു വകുപ്പിന്റെ കീഴിൽ തുടരാനാണ് നിർദ്ദേശിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ ;

(എഫ്) ജില്ലാ പഞ്ചായയത്തുകൾക്ക് കൈമാറ്റം ചെയ്യപ്പെടുന്ന ആശുപത്രികളുടെ ആസ്തി ബാദ്ധ്യതകളും മറ്റു വസ്തുവകകളും കൈമാറ്റം ചെയ്യുന്നതിന് ഉദ്ദേശമുണ്ടോ ; എങ്കിൽ എപ്രകാരം എന്ന് വ്യക്തമാക്കുമോ ?

ആരോഗ്യവും സ്പോർട്സും വകുപ്പുമന്ത്രി ( ശ്രീ. വി. സി. കബീർ) :

(എ) അധികാര വികേന്ദ്രീകരണത്തിന്റെ ഭാഗമായി ആരോഗ്യവകുപ്പിലെയും നാട്ടുചികിത്സാവകുപ്പിലെയും ഹോമിയോപ്പതിവകുപ്പിലെയും ജില്ലാ ആശുപത്രികൾ ഉൾപ്പെടെയുള്ള (പി.എച്ച്.സി, ബ്ലോക്ക് പി.എച്ച്.സി., സി.എച്ച്.സി, ജില്ലാ ആശുപത്രികൾ) സ്ഥാപനങ്ങളുടെ നടത്തിപ്പും നിയന്ത്രണവും ജി.ഒ.(പി.) 566/95/അ.കു.വ. തീയതി 23-12-1995 ജി.ഒ.(പി.)272/99/അ.കു.വ. 2-7-1999, ജി.ഒ(പി.) 455/99/ അ.കു.വ 16-11-1999 എന്നീ സർക്കാർ ഉത്തരവുകൾ പ്രകാരം ബന്ധപ്പെട്ട തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് കൈമാറിയിട്ടുണ്ട്. ടി ഉത്തരവുകളുടെ പകർപ്പ് അനുബന്ധമായിവയ്ക്കുന്നു†.

(ബി) ജില്ലാ ആശുപത്രികളുടെ നടത്തിപ്പും നിയന്ത്രണവും ജില്ലാ പഞ്ചായത്തുകൾക്ക് കൈമാറിക്കൊണ്ട് 1999-ലെ പഞ്ചായത്തീരാജ് (ഭേദഗതി) ആക്റ്റ് നിലവിൽ വന്നതിനുശേഷം, പിരിവ് (എ)യിൽ പ്രതിപാദിച്ചിരിക്കുന്ന 1999-ലെ ഉത്തരവുകളനുസരിച്ച് സംസ്ഥാനത്തെ ജില്ലാആശുപത്രികളുടെ (അലോപ്പതി/ആയുർവേദ/ഹോമിയോ) നടത്തിപ്പും നിയന്ത്രണവും ജില്ലാപഞ്ചായത്തുകൾക്ക് കൈമാറിക്കൊണ്ട് ഉത്തരവായിട്ടുണ്ട്.

(സി) ജില്ലാ ആശുപത്രികൾ ജില്ലാപഞ്ചായത്തുകൾക്ക് കൈമാറിയത് 1999 ജൂലൈ മാസത്തിലാണ്. 2000 ജനുവരി 5-ാം തീയതി ഒരു പ്രാഥമിക അവലോകന മീറ്റിംഗ് പഞ്ചായത്ത് പ്രസിഡന്റുമാരെ ഉൾപ്പെടുത്തി നടത്തുകയുണ്ടായി. എല്ലാ മാസത്തിലും ജില്ലാ മെഡിക്കൽ ഓഫീസർമാർ

† അനുബന്ധം II

LIBRARY ARCHIVES Kerala Legislative Assembly

നടത്തുന്ന ജില്ലാ അവലോകന മീറ്റിംഗുകളിലും വകുപ്പ് സെക്രട്ടറിയും വകുപ്പദ്ധ്യക്ഷനും നടത്തുന്ന മാസാന്ത്യ സംസ്ഥാനതല സമ്മേളനത്തിലും സ്ഥാപനങ്ങളുടെ പ്രവർത്തനപുരോഗതി വിലയിരുത്താറുണ്ട്.

(ഡി) ഇവ കൈമാറിയിട്ട് ഏതാനും മാസങ്ങൾ മാത്രമേ ആയിട്ടുള്ളൂ. അവയുടെ പ്രവർത്തനം പൂർണ്ണമായി വിലയിരുത്തുന്നതിന് സമയം ആയിട്ടില്ല.

(ഇ) സ്ഥാപനങ്ങളുടെ/ആശുപത്രികളുടെ ഭരണപരമായ നടത്തിപ്പും നിയന്ത്രണവും മാത്രമാണ് തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് കൈമാറിയിട്ടുള്ളത്. ജീവനക്കാരുടെ നിയമനം, ശമ്പളം എന്നിവ ബന്ധപ്പെട്ട വകുപ്പുകളിലൂടെ സർക്കാരിൽ നിക്ഷിപ്തമാണ്. അപ്രകാരം ജീവനക്കാർ ആരോഗ്യവകുപ്പിന്റെ കീഴിൽ തന്നെയാണ് തുടരുന്നത്. എന്നാൽ ഇവരുടെ മേൽഭരണപരമായ നിയന്ത്രണം ജില്ലാ പഞ്ചായത്തുകൾക്ക് ഉണ്ടായിരിക്കുന്നതാണ്.

(എഫ്) ആശുപത്രിയുടെ ആസ്തി ബാദ്ധ്യതകളും മറ്റു വസ്തുക്കളും സാർക്കാരിന്റെതായി തുടരും. ഇതു സംബന്ധിച്ചുള്ള നിർദ്ദേശങ്ങൾ ജി.ഒ.(പി.) നമ്പർ : 566/95/ആ.കു.വ. തീയതി 23-12-1995 എന്ന ഉത്തരവിൽ വ്യക്തമാക്കിയിട്ടുണ്ട്. പകർപ്പ് (എ) പിരിവിനോടൊപ്പം വച്ചിട്ടുണ്ട്.

**റേഷൻ സാധനങ്ങളുടെ വില വർദ്ധനവ്**

**18(*16)** ശ്രീ. എം. നാരായണൻ (ഹോസ്ദുർഗ്ഗ്) :
ശ്രീ. പി. രാജു :
ശ്രീ. യു. എസ്. ശശി :
ശ്രീമതി ആർ. ലതാദേവി :
ശ്രീ. സി. എൻ. ജയദേവൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-വിനോദസഞ്ചാര നിയമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) റേഷൻ വിതരണം ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ളവർക്കായി പരിമിതപ്പെടുത്തുന്നതിനും റേഷൻ സാധനങ്ങളുടെ വില വർദ്ധിപ്പിക്കുന്നതിനും നീക്കമുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) സംസ്ഥാനത്തെ പൊതുവിതരണ സമ്പ്രദായം കാര്യക്ഷമമായി നിലനിർത്തുന്നതിന് എന്തെല്ലാം നടപടി സ്വീകരിക്കുവാനുദ്ദേശിക്കുന്നു ; വിശദമാക്കാമോ ?

ഭക്ഷ്യ-വിനോദസഞ്ചാര-നിയമ വകുപ്പുമന്ത്രി (ശ്രീ. ഇ. ചന്ദ്രശേഖരൻനായർ) :

(എ) ഔദ്യോഗികമായി അറിയിപ്പ് ലഭിച്ചിട്ടില്ല. പത്രറിപ്പോർട്ടുകൾ നേരത്തേതന്നെ ശ്രദ്ധയിൽപ്പെട്ടിരുന്നു. ഇക്കഴിഞ്ഞ ജനുവരി 31-ാം തീയതി ബാംഗ്ലൂരിൽ ചേർന്ന ദക്ഷിണമേഖലാ ഭക്ഷ്യമന്ത്രിമാരുടെ സമ്മേളനത്തിൽ താഴെ പറയുന്ന നിർദ്ദേശങ്ങൾ കേന്ദ്രം ഉന്നയിച്ചിരുന്നു.

(i) ദാരിദ്രരേഖയ്ക്ക് താഴെയുള്ളവർക്ക് നൽകുന്ന അരിയുടെ അളവ് പ്രതിമാസം 10 കിലോ എന്നത് 15 കിലോ ആയി വർദ്ധിപ്പിക്കുക. അതോടൊപ്പം ദാരിദ്ര്യരേഖയ്ക്ക് മേലേയുള്ള കുടുംബങ്ങൾക്ക് ഇതിന് ആനുപാതികമായ (35%) കുറവ് വരുത്തുക.



LIBRARY ARCHIVES Kerala Legislative Assembly

## അനുബന്ധം II

**[21-2-2000-ലെ നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ 7(*15) ദയവായി കാണുക]**

## കേരള സർക്കാർ

സംഗ്രഹം

അധികാരവികേന്ദ്രീകരണം—ആരോഗ്യവകുപ്പിൽ നിന്നും തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് കൈമാറുന്ന അധികാര-അവകാശങ്ങൾ സംബന്ധിച്ച മാർഗ്ഗ നിർദ്ദേശങ്ങൾ—ഉത്തരവ് പുറപ്പെടുവിക്കുന്നു

---

ആരോഗ്യകുടുംബക്ഷേമ (എം) വകുപ്പ്

ജി.ഒ. (പി) നം. 566/95/ആ.കു.വ. *തിരുവനന്തപുരം, 1995 ഡിസംബർ 23*

---

പരാമർശം :— 18-9-1995-ലെ സർക്കാർ ഉത്തരവ് (പി)നം.189/95/ത.ഭ.വ.

### ഉത്തരവ്

മുകളിൽ പരാമർശിച്ച ഉത്തരവുപ്രകാരം സർക്കാരിൽ നിക്ഷിപ്തമായിരുന്ന ചുമതലകളും സ്ഥാപനങ്ങളും പദ്ധതികളും തദ്ദേശ ഭരണസ്ഥാപനങ്ങൾക്ക് കൈമാറ്റം ചെയ്തുകൊണ്ട് ഉത്തരവായിരുന്നു. ആരോഗ്യ വകുപ്പിൽ നിന്നും തദ്ദേശ ഭരണസ്ഥാപനങ്ങൾക്ക് കൈമാറുന്ന അധികാര-അവകാശങ്ങൾ സംബന്ധിച്ച പൊതുവായ മാർഗ്ഗനിർദ്ദേശങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു. പ്രസ്തുത മാർഗ്ഗനിർദ്ദേശങ്ങൾക്കനുസരണമായി അവകാശങ്ങളും അധികാരങ്ങളും കൈമാറ്റം നടത്തേണ്ടതാണെന്ന് ഇതിനാൽ ഉത്തരവാകുന്നു.

ഗവർണ്ണറുടെ ഉത്തരവിൻപ്രകാരം

എസ്. ശ്രീനിവാസൻ,
ജോയിന്റ് സെക്രട്ടറി.

ആരോഗ്യവകുപ്പ് ഡയറക്ടർ, തിരുവനന്തപുരം
ആരോഗ്യ വിദ്യാഭ്യാസ വകുപ്പ് ഡയറക്ടർ
ഡയറക്ടർ, ഇന്ത്യൻ സിസ്റ്റംസ് ഓഫ് മെഡിസിൻ
ഹോമിയോപ്പതി വകുപ്പ് ഡയറക്ടർ. അക്കൗണ്ടന്റ് ജനറൽ (അക്കൗണ്ട്സ് ആന്റ് എൻടൈറ്റിൽമെന്റ്സ്) കേരള, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്), കേരള, തിരുവനന്തപുരം
ആരോഗ്യവകുപ്പിലെ എല്ലാ ഉദ്യോഗസ്ഥൻമാർക്കും സെക്ഷനുകൾക്കും
തദ്ദേശഭരണവകുപ്പ്
ആരോഗ്യ വകുപ്പുമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്
പബ്ലിക് റിലേഷൻസ് ഡയറക്ടർ
സ്റ്റോക്ക് ഫയൽ
ഓഫീസ് കോപ്പി

LIBRARY ARCHIVES Kerala Legislative Assembly

ആരോഗ്യ വകുപ്പിൽ നിന്നും സ്വയംഭരണ സ്ഥാപനങ്ങൾക്ക് കൈമാറുന്ന അധികാര-അവകാശങ്ങൾ സംബന്ധിച്ച കരട് മാർഗ്ഗനിർദ്ദേശങ്ങൾ

1. ഭരണപരമായ അധികാരങ്ങൾ

1. ഗ്രാമ പഞ്ചായത്തുകൾ, ബ്ലോക്ക് പഞ്ചായത്തുകൾ, മുനിസിപ്പാലിറ്റി, കോർപ്പറേഷൻ എന്നിവയുടെ കീഴിൽ വരുന്ന ആരോഗ്യവകുപ്പിലെ സ്ഥാപനങ്ങളുടെ നടത്തിപ്പും നിയന്ത്രണവും അതാത് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കായിരിക്കും.

2. ഈ സ്ഥാപനങ്ങളിൽ ഉണ്ടാകുന്ന ഡോക്ടർമാരുടെ ഒഴിവുകൾ നികത്തുന്നതിന് പി.എസ്.സി.യുടെ ലിസ്റ്റ് നിലവിലില്ലാതിരിക്കുകയും, എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് വഴി ഡോക്ടർമാരെ ലഭ്യമല്ലാതെവരികയും ചെയ്യുന്ന സാഹചര്യത്തിൽ താൽക്കാലികമായി ഒരു വർഷത്തേക്കോ, സ്ഥിരം ഉദ്യോഗാർത്ഥികൾ വരുന്നത് വരെയോ ഏതാണോ ആദ്യം അതുവരെ കരാർ വ്യവസ്ഥയിൽ നിയമിക്കുന്നതിന് അധികാരമുണ്ടായിരിക്കും. ഈ നിയമനം സർക്കാർ ഇതു സംബന്ധിച്ച് പുറപ്പെടുവിച്ചിട്ടുള്ള മാർഗ്ഗരേഖയുടെ അടിസ്ഥാനത്തിലായിരിക്കണം.

3. മറ്റ് തസ്തികകളിലെ ഒഴിവുകളും പി.എസ്.സി. ലിസ്റ്റില്ലാതെ വരുമ്പോൾ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന സർക്കാർ ഇതു സംബന്ധിച്ച് പുറപ്പെടുവിച്ചിട്ടുള്ള മാർഗ്ഗരേഖയുടെ അടിസ്ഥാനത്തിൽ നികത്താവുന്നതാണ്.

4. എല്ലാ വിഭാഗത്തിലേയും സ്ഥാപനമേധാവികളുടെ കാഷ്വൽ അവധി അനുവദിക്കാവുന്നതാണ്.

5. എല്ലാ വിഭാഗം ജീവനക്കാരുടെയും മറ്റ് അവധികളുടെ കാര്യത്തിൽ പകരക്കാരെ നിയമിക്കേണ്ടാത്ത കാലയളവിലേക്കായുള്ളത് ആണെങ്കിൽ അനുവദിക്കാവുന്നതാണ്. ഇത്തരം അവധി അനുവദിക്കുമ്പോൾ ഉത്തരവിന്റെ പകർപ്പ് അതാത് ജില്ലാ മെഡിക്കൽ ഓഫീസർക്ക് അയച്ചുകൊടുക്കേണ്ടതാണ്.

6. എല്ലാ വിഭാഗം ജീവനക്കാരുടേയും പേരിൽ 1960-ലെ കേരളാ സിവിൽ സർവ്വീസ് (ക്ലാസിഫിക്കേഷൻ, കൺട്രോൾ ആന്റ് അപ്പീൽ) ചട്ടപ്രകാരമുള്ള മൈനർ ശിക്ഷകൾ നൽകാൻ അധികാരം ഉണ്ടായിരിക്കും.



LIBRARY ARCHIVES Kerala Legislative Assembly

2. സാമ്പത്തികാധികാരങ്ങൾ

1. സ്റ്റോഴ്സ് പർച്ചേസ് ചട്ടത്തിനും കാലാകാലങ്ങളിൽ സർക്കാർ ഇത് സംബന്ധിച്ച് പുറപ്പെടുവിക്കുന്ന ഉത്തരവുകൾക്കും വിധേയമായി ആശുപത്രികളിലേക്കാവശ്യമായ ഭക്ഷണസാധനങ്ങൾ, യൂണിഫോം തുണികൾ, ഉപകരണങ്ങൾ മറ്റ് സാധനങ്ങൾ (മരുന്നും മറ്റ് മെഡിക്കൾ സപ്ലൈസും ഒഴികെ) ഇവ ബഡ്ജറ്റിൽ വകകൊള്ളിച്ചിട്ടുള്ള തുകയ്ക്ക് അനുസൃതമായി വാങ്ങുന്നതിന് അധികാരമുണ്ടായിരിക്കും.

2. ഈ സ്ഥാപനങ്ങളിലെ നിർമ്മാണ പ്രവർത്തനങ്ങൾക്ക് ഭരണാനുമതിയും പ്രത്യേകാനുമതിയും നൽകുന്നതിന് അധികാരം ഉണ്ടായിരിക്കും. ഈ അനുമതി നൽകുന്നതിന് ആ വർഷത്തെ ബഡ്ജറ്റിൽ ആകെ എസ്റ്റിമേറ്റ് തുകയുടെ 20 ശതമാനം വകയിരുത്തിയിട്ടുണ്ടാകണം. സ്വന്തം ഫണ്ടോ സംഭാവന വക ലഭ്യമാകുന്ന ഫണ്ടോ പ്രകാരമുള്ള ഏത് പ്രവർത്തനങ്ങൾക്കും ഭരണാനുമതിയും പ്രത്യേകാനുമതിയും നൽകുന്നതിന് അതാത് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് അധികാരം ഉണ്ടായിരിക്കുന്നതാണ്.

3. ഈ സ്ഥാപനങ്ങളിലെ എല്ലാവിധ അറ്റകുറ്റപ്പണികൾക്കും ബഡ്ജറ്റ് തുകയ്ക്ക് അനുസൃതമായി അനുമതി നൽകാവുന്നതാണ്.

4. ആശുപത്രിയുടെ നിർമ്മാണ പ്രവർത്തനങ്ങൾക്കും വികസനത്തിനുമായി സംഭാവന സ്വീകരിക്കുന്നതിന് അധികാരം ഉണ്ടായിരിക്കും

5. മേൽസൂചിപ്പിച്ച സ്ഥാപനങ്ങളിലെ ഫലവൃക്ഷങ്ങളിൽ നിന്നുമുള്ള ആദായം എടുത്ത് ആശുപത്രി വികസനങ്ങൾക്ക് വിനിയോഗിക്കാൻ അധികാരമുണ്ടായിരിക്കും.

ഇതിൽ പ്രതിപാദിക്കാത്തതും നിലവിലുള്ളതുമായ മറ്റ് അധികാരങ്ങൾ ഇപ്പോഴത്തേ തുപോലെ തുടരേണ്ടതാണ്. പി.എച്ച്.സി., സി.എച്ച്.സി., താലൂക്ക് ആശുപത്രികളുടെ വികസന സമിതി അംഗങ്ങളെ സർക്കാർ മാർഗ്ഗനിർദ്ദേശങ്ങൾക്ക് വിധേയമായി നാമനിർദ്ദേശം ചെയ്യുന്നതിന് അതാത് സ്വയംഭരണ സ്ഥാപനങ്ങൾക്ക് അധികാരമുണ്ടായിരിക്കും.

LIBRARY ARCHIVES Kerala Legislative Assembly

# കേരള സർക്കാർ

## സംഗ്രഹം

അധികാര വികേന്ദ്രീകരണം—ആരോഗ്യവകുപ്പിൽ നിന്നും തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് കൈമാറുന്ന അധികാര-അവകാശങ്ങൾ—ജില്ലാ പഞ്ചായത്തുകൾക്ക് കൈമാറുന്നവ സംബന്ധിച്ച് പുതുക്കിയ ഉത്തരവ്-പുറപ്പെടുവിക്കുന്നു

ആരോഗ്യകുടുംബക്ഷേമ (എം) വകുപ്പ്

ജി.ഒ. (പി) 272/99/ആ.കു.വ. *തിരുവനന്തപുരം, 1999 ജൂലായ് 2*

പരാമർശം :—1. 18-9-1995-ലെ സർക്കാർ ഉത്തരവ് (പി) 189/95/ത.ഭ.വ.
2. 23-12-1995-ലെ ജി.ഒ. (പി) 566/95/ആ.കു.വ.
3. 1999-ലെ കേരള പഞ്ചായത്ത് രാജ് (ഭേദഗതി) ആക്ട്.

### ഉത്തരവ്

മുകളിൽ പരാമർശിച്ച ഒന്നാം ഉത്തരവ് പ്രകാരം സർക്കാരിൽ നിക്ഷിപ്തം ആയിരുന്ന ചുമതലകളും സ്ഥാപനങ്ങളും പദ്ധതികളും തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് കൈമാറ്റം ചെയ്തുകൊണ്ട് ഉത്തരവായിരുന്നു. അപ്രകാരം ആരോഗ്യ വകുപ്പിൽ നിന്നും തദ്ദേശഭരണസ്ഥാപനങ്ങൾക്ക് കൈമാറുന്ന അധികാര-അവകാശങ്ങൾ സംബന്ധിച്ച പൊതുവായ മാർഗ്ഗ നിർദ്ദേശങ്ങൾ മേൽ പരാമർശത്തിലെ 2-ാം ഉത്തരവ് പ്രകാരം പുറപ്പെടുവിച്ചിരുന്നു. ടി ഉത്തരവുകളിൽ ജില്ലാപഞ്ചായത്തുകൾക്ക് ആരോഗ്യവകുപ്പിലെ സ്ഥാപനങ്ങളുടെ ഭരണച്ചുമതല നൽകിയിരുന്നില്ല. മേൽ മൂന്നാം പരാമർശ പ്രകാരം ജില്ലാ ആശുപത്രികളുടെ ഭരണചുമതല ജില്ലാ പഞ്ചായത്തുകളിൽ നിക്ഷിപ്തമായിരിക്കുമെന്ന് വ്യവസ്ഥ ചെയ്തുകൊണ്ട് വിജ്ഞാപനം പുറപ്പെടുവിക്കുകയുണ്ടായി.

മേൽ സാഹചര്യത്തിൽ സംസ്ഥാന ആരോഗ്യ വകുപ്പിലെ അനുബന്ധത്തിൽ പ്രതിപാദിക്കുന്ന സ്ഥാപനങ്ങളുടെ നടത്തിപ്പും നിയന്ത്രണവും മുൻ രണ്ടാം പരാമർശത്തിൽ നിഷ്കർഷിച്ചിട്ടുള്ള മാർഗ്ഗ നിർദ്ദേശങ്ങൾക്കനുസൃതമായി അതതു ജില്ലാ പഞ്ചായത്തുകൾക്ക് കൈമാറിക്കൊണ്ട് ഉത്തരവാക്കുന്നു.

ഗവർണ്ണറുടെ ഉത്തരവിൻപ്രകാരം

രാജീവ് സദാനന്ദൻ,
സ്പെഷ്യൽ സെക്രട്ടറി.

ആരോഗ്യവകുപ്പ് ഡയറക്ടർ, തിരുവനന്തപുരം
ഡയറക്ടർ, ഐ.എസ്.എം. വകുപ്പ്
ഡയറക്ടർ, ഹോമിയോപ്പതി വകുപ്പ്
അക്കൗണ്ടന്റ് ജനറൽ (അക്കൗണ്ടസ് ആന്റ് എൻടൈറ്റിൽമെന്റ്, കേരള) തിരുവനന്തപുരം

LIBRARY ARCHIVES Kerala Legislative Assembly

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്) കേരള, തിരുവനന്തപുരം
ആരോഗ്യ വകുപ്പിലെ എല്ലാ ഉദ്യോഗസ്ഥൻമാർക്കും സെക്ഷനുകൾക്കും
തദ്ദേശഭരണ വകുപ്പ് തദ്ദേശഭരണ വകുപ്പ് സെക്രട്ടറി
തദ്ദേശഭരണ വകുപ്പുമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്
ആരോഗ്യ വകുപ്പു മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്
പബ്ലിക് റിലേഷൻസ് ഡയറക്ടർ

ജില്ലാ പഞ്ചായത്തിന് ഭരണ ചുമതല കൈമാറുന്ന സ്ഥാപനങ്ങൾ

ആരോഗ്യ വകുപ്പ് :

1. എ. എ. റഹീം ആശുപത്രി, കൊല്ലം, കൊല്ലം ജില്ല
2. ജില്ലാ ആശുപത്രി, ആലപ്പുഴ, ആലപ്പുഴ ജില്ല
3. ജില്ലാ ആശുപത്രി, കോഴഞ്ചേരി, പത്തനംതിട്ട ജില്ല
4. ജില്ലാ ആശുപത്രി, കോട്ടയം, കോട്ടയം ജില്ല
5. ജില്ലാ ആശുപത്രി, പൈനാവ്, ഇടുക്കി ജില്ല
6. ജില്ലാ ആശുപത്രി, തൃശ്ശൂർ, തൃശ്ശൂർ ജില്ല
7. ജില്ലാ ആശുപത്രി, പാലക്കാട്, പാലക്കാട് ജില്ല
8. ജില്ലാ ആശുപത്രി, മഞ്ചേരി, മലപ്പുറം ജില്ല
9. ജില്ലാ ആശുപത്രി, മാനന്തവാടി, വയനാട് ജില്ല
10. ജില്ലാ ആശുപത്രി, കണ്ണൂർ, കണ്ണൂർ ജില്ല
11. ജില്ലാ ആശുപത്രി, കാഞ്ഞങ്ങാട്, കാസർഗോഡ് ജില്ല

ആയുർവേദ വകുപ്പ് :

1. ജില്ലാ ആയുർവേദ ആശുപത്രി, വർക്കല, തിരുവനന്തപുരം ജില്ല
2. ജില്ലാ ആയുർവേദ ആശുപത്രി, ആശ്രാമം, കൊല്ലം ജില്ല
3. ജില്ലാ ആയുർവേദ ആശുപത്രി, അയിരൂർ, പത്തനംതിട്ട ജില്ല
4. ജില്ലാ ആയുർവേദ ആശുപത്രി, തൊടുപുഴ, ഇടുക്കി ജില്ല
5. ജില്ലാ ആയുർവേദ ആശുപത്രി, കോട്ടയം, കോട്ടയം ജില്ല
6. ജില്ലാ ആയുർവേദ ആശുപത്രി, ആലപ്പുഴ, ആലപ്പുഴ ജില്ല
7. ജില്ലാ ആയുർവേദ ആശുപത്രി, എറണാകുളം, എറണാകുളം ജില്ല

LIBRARY ARCHIVES Kerala Legislative Assembly

8. ആർ.പി.ഡി.എ. ആശുപത്രി, തൃശ്ശൂർ, തൃശ്ശൂർ ജില്ല
9. ജില്ലാ ആയുർവേദ ആശുപത്രി, പാലക്കാട്, പാലക്കാട് ജില്ല
10. ജില്ലാ ആയുർവേദ ആശുപത്രി, കോട്ടയ്ക്കൽ, മലപ്പുറം ജില്ല
11. ജില്ലാ ആയുർവേദ ആശുപത്രി, കോഴിക്കോട്, കോഴിക്കോട് ജില്ല
12. ജില്ലാ ആയുർവേദ ആശുപത്രി, കണ്ണൂർ, കണ്ണൂർ ജില്ല.
13. ജില്ലാ ആയുർവേദ ആശുപത്രി, കൽപ്പറ്റ, വയനാട് ജില്ല
14. ജില്ലാ ആയുർവേദ ആശുപത്രി, പട്ടണക്കാട്, കാഞ്ഞങ്ങാട്, കാസർഗോഡ് ജില്ല

ഹോമിയോപ്പതി വകുപ്പ് :

1. പട്ടം തിരുന്നാൾ മെമ്മോറിയൽ ഗവ: ഹോമിയോ ആശുപത്രി, തിരുവനന്തപുരം
2. ജില്ലാ ഗവൺമെന്റ് ഹോമിയോ ആശുപത്രി, പോളയത്തോട്, കൊല്ലം ജില്ല
3. ജില്ലാ ഗവൺമെന്റ് ഹോമിയോ ആശുപത്രി, അവലുക്കുന്ന് പി. ഒ, ആലപ്പുഴ ജില്ല
4. ജില്ലാ ഹോമിയോ ആശുപത്രി, കുറിച്ചി, കോട്ടയം ജില്ല
5. ജില്ലാ ഹോമിയോ ആശുപത്രി, പുഷ്പകണ്ടം, ഇടുക്കി ജില്ല
6. ജില്ലാ ഹോമിയോ ആശുപത്രി, പുല്ലേപ്പാടി, എറണാകുളം ജില്ല
7. ജില്ലാ ഹോമിയോ ആശുപത്രി, ചങ്ങഴിക്കുളങ്ങര, തൃശ്ശൂർ ജില്ല
8. ജില്ലാ ഹോമിയോ ആശുപത്രി, ചാത്തുപുരം, പാലക്കാട് ജില്ല
9. ജില്ലാ ഹോമിയോ ആശുപത്രി, ഡൗൺഹിൽ പി.ഒ, മലപ്പുറം ജില്ല
10. ജില്ലാ ഹോമിയോ ആശുപത്രി, മാനന്തവാടി, വയനാട് ജില്ല
11. ജില്ലാ ഹോമിയോ ആശുപത്രി, സൗത്ത് ബസാർ, കണ്ണൂർ ജില്ല
12. ജില്ലാ ഹോമിയോ ആശുപത്രി, ഏലത്തൂർ, കോഴിക്കോട് ജില്ല
13. ജില്ലാ ഹോമിയോ ആശുപത്രി, കാഞ്ഞങ്ങാട്, കാസർഗോഡ് ജില്ല
14. ജില്ലാ ഹോമിയോ ആശുപത്രി, തിരുവല്ല, കൊട്ടനാട്, ആലപ്പുഴ ജില്ല

LIBRARY ARCHIVES Kerala Legislative Assembly

# കേരള സർക്കാർ

സംഗ്രഹം

അധികാരവികേന്ദ്രീകരണം—ആരോഗ്യവകുപ്പിൽ നിന്നും തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് കൈമാറുന്ന അധികാര-അവകാശങ്ങൾ— ജില്ലാ പഞ്ചായത്തുകൾക്ക് കൈമാറുന്നവ സംബന്ധിച്ച് തിരുത്തൽ ഉത്തരവ് പുറപ്പെടുവിക്കുന്നു

ആരോഗ്യകുടുംബക്ഷേമ (എം) വകുപ്പ്

ജി.ഒ. (പി) 455/99/ആ.കു.വ. *തിരുവനന്തപുരം, 1999 നവംബർ 16*

പരാമർശം :—1. 2-7-1999-ലെ ജി.ഒ. (പി) 272/95/ആ.കു.വ.
2. 27-9-1999-ലെ ജി.ഒ. (പി) 184/99/ത.ഭ.വ.

## ഉത്തരവ്

മുകളിൽ ഒന്നാം പരാമർശ പ്രകാരം സംസ്ഥാന ആരോഗ്യ വകുപ്പിലെ ജില്ലാ ആശുപത്രികളുടെ നടത്തിപ്പും നിയന്ത്രണവും ജില്ലാ പഞ്ചായത്തുകൾക്ക് കൈമാറിക്കൊണ്ട് ഉത്തരവായിരുന്നു. ടി ഉത്തരവിൽ ആയുർവേദ, ഹോമിയോ വകുപ്പുകളിലെ ചില ആശുപത്രികളുടെ പേരുകൾ തെറ്റായി സൂചിപ്പിച്ചിരുന്നു. ആയവയുടെ ശരിയായ പേര് ഉൾപ്പെടുത്തി താഴെക്കാണും പ്രകാരം തിരുത്തൽ ഉത്തരവ് ഇതിനാൽ പുറപ്പെടുവിക്കുന്നു.

ആയുർവേദ വകുപ്പ് :

ജില്ലാ ആയുർവേദ ആശുപത്രി, പടന്നക്കാട്, കാഞ്ഞങ്ങാട്, കാസർഗോഡ് ജില്ല

ഹോമിയോപ്പതി വകുപ്പ് :

(1) പട്ടം താണുപിള്ള മെമ്മോറിയൽ ഗവൺമെന്റ് ഹോമിയോ ആശുപത്രി, തിരുവനന്തപുരം

(4) ജില്ലാ ഹോമിയോ ആശുപത്രി, നാഗമ്പടം, കോട്ടയം ജില്ല

(5) ജില്ലാ ഹോമിയോ ആശുപത്രി, തൊടുപുഴ, ഇടുക്കി ജില്ല

(14) ജില്ലാ ഹോമിയോ ആശുപത്രി, തിരുവല്ല, കൊട്ടനാട്, പത്തനംതിട്ട ജില്ല

മേൽ ഒന്നാം പരാമർശ ഉത്തരവിന് ഇതനുസരിച്ചുള്ള മാറ്റം വരുത്തിയിരിക്കുന്നു.

ഗവർണ്ണറുടെ ഉത്തരവിൻപ്രകാരം

ബി. ലീലാകുമാരി,
ജോയിന്റ് സെക്രട്ടറി

LIBRARY ARCHIVES Kerala Legislative Assembly

ഡയറക്ടർ, ആരോഗ്യ വകുപ്പ്/ഇന്ത്യൻ സിസ്റ്റംസ് ഓഫ് മെഡിസിൻ/ഹോമിയോ
അക്കൗണ്ടന്റ് ജനറൽ (അക്കൗണ്ട്സ് ആന്റ് എൻടൈറ്റിൽമെന്റ്), കേരളാ, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്), കേരള, തിരുവനന്തപുരം
ആരോഗ്യ വകുപ്പിലെ എല്ലാ ഉദ്യോഗസ്ഥൻമാർക്കും, സെക്ഷനുകൾക്കും
ആരോഗ്യ വകുപ്പുമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്
തദ്ദേശഭരണ വകുപ്പ്
തദ്ദേശഭരണ വകുപ്പ് സെക്രട്ടറി
തദ്ദേശഭരണ വകുപ്പുമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്
പബ്ലിക് റിലേഷൻസ് ഡയറക്ടർ

## അനുബന്ധം III

**[21-2-2000-ലെ നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ 19(*18) ദയവായി കാണുക]**

## Report on the cholera investigation conducted at Kottayam and surrounding areas

On January 20, 2000, at the behest of the Indian Council of Medical Research, a team comprising of two investigators namely Dr. G. Balakrish Nair, Deputy Director and Dr. T. Ramamurthy, Assistant Director, Department of Microbiology of the National Institute of Cholera and Enteric Diseases were requested to proceed within 24 hours to Trivandrum and report to Dr. Rajappan, Additional Director of Health Services, Directorate of Health Services, Trivandrum. The team started from Calcutta by the 20th January by the evening flight of Chennai and thereafter the 21st January morning flight to Trivandrum and was received by Mr. C. Mohankumar, Health Inspector. The team arrived at the Directorate of Health Services by the noon of the same day. The team was joined by Dr. Shinji Yamasaki, Chief Advisor, Japan International Co-operation Agency (JICA) project at NICED on January 22,2000 at Kottayam who also participated in the investigation and field trips.

The team was briefed about the cholera outbreak in Kottayam district by the ADHS and DHS, Dr. V.K. Rajan. The team was introduced to Dr. Ayesha Begum, Research Officer (ORT programme) for Diarrhoeal Diseases who showed a spot map of all the cholera cases that had occurred in the Kottayam district. It was evident from the briefings that the first cases of cholera were reported around January 2, 2000 after which the

LIBRARY ARCHIVES Kerala Legislative Assembly